# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2680 17.10.2016 - ൽ മറുപടിയ്ക്ക്

### കാവേരി നദീജല ട്രിബ്യൂണൽ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. സി. കെ. ശശീന്ദ്രൻ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) കാവേരി നദീജല ട്രിബ്യൂണൽ വിധി പ്രകാരം കബനി നദിയിൽ നിന്നും എത്ര ടി.എം.സി ജലം വയനാട് ജില്ലക്ക് ഉപയോഗിക്കാം എന്ന് വ്യക്തമാക്കാമോ ; | (എ) | കാവേരി നദീജല ട്രിബ്യൂണൽ വിധി പ്രകാരം കബനി ബേസിനിൽ 21 ടി.എം.സി ജലമാണ് അനുവദിച്ചിട്ടുള്ളത്. |
| (ബി) ഇപ്പോൾ എത്ര ടി.എം.സി. ജലം ജില്ലയിൽ ഉപയോഗിക്കുന്നുണ്ടെന്ന് അറിയിക്കാമോ ; | (ബി) | കബനി ബേസിനിൽ അനുവദിക്കപ്പെട്ടിട്ടുള്ള 21Tmc ജലത്തിൽ 11.71Tmc ജലം കേരളം ഉപയോഗപ്പെടുത്തി വരുന്നു. |
| സി) ക്ബനി നദീജലം ജില്ലയിൽ കൂടുതലായി പ്രയോജനപ്പെടുത്താൻ പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (സി) | കബനി നദിയിൽ നിന്നും കാവേരി കരാർ പ്രകാരം ലഭിച്ചിരിക്കുന്ന ജലം ഉപയോഗിക്കുന്നതിന് വേണ്ടി പനമരം, മാനന്തവാടി, നൂൽപ്പുഴ-ബാവലി എന്നീ പുഴകളിൽ റഗുലേറ്റർ നിർമ്മിക്കുന്നതിന് വേണ്ടി ടോപ്പോ ഗ്രാഫിക്കൽ സർവ്വേ പൂർത്തീകരിച്ചു, അവയുടെ സ്ഥാനനിർണ്ണയവും നടത്തി വരുന്നു. കൂടാതെ കാവേരി ട്രൈബ്യൂണൽ അനുവദിച്ചിരിക്കുന്ന ജലം ഉപയോഗിക്കുന്നതിന് വേണ്ടി 9 പുതിയ പദ്ധതികളുടെ (കടമാൻതോട്, നൂൽപ്പുഴ, ചുണ്ടാലിപ്പുഴ, തിരുനെല്ലി, ചേക്കാട്ട്, മഞ്ചാട്ട്, തോടാർ, പെരിങ്ങോട്ടുപ്പുഴ, കല്ലുംപതി) സാധ്യതാ പഠനം പൂർത്തീകരിച്ചു.<br>കാവേരി അവാർഡ് പ്രകാരം കബനി ബേസിനിൽ അനുവദിച്ച ജലം പൂർണ്ണമായി വിനിയോഗിക്കാൻ വേണ്ടി, പ്രസ്തുത ബേസി നിലെ പോഷകനദികളിലേയും, കൈവഴികളുടേയും ടോപ്പോ ഗ്രാഫിക്കൽ സർവ്വേ നടത്തുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ